**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ എന്ന സർക്കാർ പ്രഖ്യാപനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കുന്ന പക്ഷം വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്ക് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; ഈ അപേക്ഷകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **ബാലുശ്ശേരി മണ്ഡലത്തിൽ ഉള്ളിയേരി പഞ്ചായത്ത് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ച ഭൂമി ഇറിഗേഷൻ വകുപ്പിന്റേത് ആയതിനാൽ ടി വകുപ്പിന്റെ നിരാക്ഷേപ പത്രം (NOC) ലഭിക്കേണ്ടതുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയ്ക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ് / കണ്ടെത്തി |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രൊപ്പോസലിന്റെ ഡിപിആർ തയ്യാറാക്കി വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴിയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.<br><br>PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ ഡിപിആർ തയ്യാറാക്കി, പദ്ധതിയ്ക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കി നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ലാൻഡ് എൻഓസിയും പ്രൊപ്പോസലിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം.<br><br>പദ്ധതി പ്രദേശത്തു നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണെന്നത് സംബന്ധിച്ചൊരു ബിസിനസ് പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ